" ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

66678/പിഎസ് 2/2013/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ(പിഎസ്)വകുപ്പ്,
തിരുവനന്തപുരം, തീയതി, 06/11/13.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ/ ഗ്രാമവികസന കമ്മീഷണർ /മുഖ്യനഗരാസൂത്രകൻ,
മുഖ്യനഗരാസൂത്രകന്റെ കാര്യാലയം/ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,
ചീഫ് എൻജിനീയറുടെ കാര്യാലയം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ , തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രൊജക്ട് ഡയറക്ടർ, കേരള സസ്റ്റൈനബിൾ അർബൻ ഡെവലപ്മെന്റ് പ്രൊജക്ട്, തിരുവനന്തപുരം.
പ്രൊജക്ട് ഡയറക്ടർ, കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ , തിരുവനന്തപുരം.
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
സെക്രട്ടറി, ഗോശ്രീ ഐലന്റ് വികസന അതോറിറ്റി, കൊച്ചി

സർ,

വിഷയം- തദ്ദേശസ്വയംഭരണ വകുപ്പ്- സർക്കാർ വകുപ്പുകളിൽ നിന്നും മാധ്യമങ്ങൾക്ക് നല്കുന്ന പരസ്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത്- സംബന്ധിച്ച്.

സർക്കാരിന്റെ പരസ്യങ്ങൾ നിയന്ത്രണമില്ലാതെ വർദ്ധിച്ചുവരുന്നതായും ഒരു ദിവസം തന്നെ രണ്ടും നാലും പരസ്യങ്ങൾ വരുന്നത് പരസ്യങ്ങളുടെ പ്രാധാന്യവും ശ്രദ്ധയും കുറയ്ക്കുവാൻ ഇടയാക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പുതലത്തിലും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെയും പരസ്യങ്ങൾ ബന്ധപ്പെട്ട വകുപ്പും സ്ഥാപനങ്ങളും വഹിക്കേണ്ടതാണ്.
2. ധനവിനിയോഗ നിയന്ത്രണം നിലനില്ക്കുന്നതിനാൽ ഈ സാമ്പത്തിക വർഷം ഇനി പരസ്യം നല്കുന്നതിന് ~~മുൻപ്~~ പരമാവധി നിയന്ത്രണം ഏർപ്പെടുത്തണം.
3. അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ പരസ്യചെലവ് പിആർഡി വഹിക്കുന്നതല്ല.
4. ഓരോ വകുപ്പുകളും സ്ഥാപനങ്ങളും നല്കുന്ന പരസ്യത്തിന്റെ മാറ്റർ ബന്ധപ്പെട്ട മന്ത്രിമാരെ അറിയിക്കേണ്ടതും ടി മന്ത്രിമാർ മാറ്റർ കണ്ട് Space നിർദ്ദേശിച്ചതിന് ശേഷം മാത്രം പരസ്യം നല്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ടി നിർദ്ദേശങ്ങൾ കർശനമായും പാലിക്കുവാൻ അഭ്യർത്ഥിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ജവഹറാ ബീവി.എ
ഡെപ്യൂട്ടി സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ